# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2926 — 13-07-2015- ൽ മറുപടിക്ക്

## വിഴിഞ്ഞം തുറമുഖ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.എ.ബേബി : | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഇപ്പോഴത്തെ കരാർ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ മൊത്തം ചെലവ് എത്രയാണെന്നും അതിൽ കേന്ദ്ര - സംസ്ഥാന ഗവൺമെന്റുകളുടെ ചെലവ് മൊത്തം എത്രയായിരിക്കുമെന്നും, കരാറുകാരനായ ഗൗതം അദാനിയുടെ കമ്പനി എത്ര കോടി രൂപ സ്വന്തം നിലയിൽ കണ്ടെത്തുന്നുണ്ടെന്നും, ബാങ്ക് വഴി അദാനി കണ്ടെത്തുന്ന തുക എത്രയായിരിക്കുമെന്നും വിശദമാക്കാമോ; | (എ) കരാർ പ്രകാരം വിഴിഞ്ഞം പദ്ധതിയിൽ തുറമുഖത്തിനു മാത്രമായുള്ള ആകെ തുക 5552 കോടി രൂപയാണ്. ഇതിൽ 4089 കോടി രൂപ പി.പി.പി ഘടകവും 1463 കോടി രൂപ സർക്കാർ ചെലവിൽ നിർമ്മിക്കുന്ന ഫണ്ടഡ് വർക്കായ ബ്രേക്ക്വാട്ടറിന്റെ തുകയുമാണ്. മേൽപ്പറഞ്ഞ 5552 കോടി രൂപ കൂടാതെ ബാഹ്യ അടിസ്ഥാന സൗകര്യങ്ങളായ റെയിൽ കണക്ടിവിറ്റിയും വെള്ളവും ഭൂമിയും നല്കേണ്ടത് സംസ്ഥാന സർക്കാരാണ്.<br><br>പി.പി.പി ഘടകത്തിൽ വി.ജി.എഫ് സ്കീം അനുസരിച്ച് സ്വകാര്യ പങ്കാളിക്ക് 40% വരെ സഹായധനത്തിന് അർഹതയുണ്ട്. ബിഡ്ഡർ ആവശ്യപ്പെട്ട സഹായധനം 1635 കോടി രൂപയാണ്. ഇതിൽ പി.പി.പി. ഘടകത്തിന്റെ 30% സഹായധനം 1226.7 കോടി രൂപ "Equity Support" –ആയി നിർമ്മാണ ഘട്ടത്തിലും, 408.3 കോടി രൂപ "O&M Support" ആയി നടത്തിപ്പു കാലയളവിലും സ്വകാര്യ പങ്കാളിയ്ക്കു നൽകേണ്ടതാണ്. |

കേന്ദ്ര സർക്കാർ നിർമ്മാണ കാലയളവിൽ 817.8 കോടി രൂപ ചെലവ് സഹായധനമായി നല്കും (പി.പി.പി ഘടകത്തിന്റെ 20%).

സംസ്ഥാന സർക്കാർ നിർമ്മാണ കാലയളവിൽ 1463 കോടി രൂപയുടെ ഫണ്ടഡ് വർക്കിന്റെ ചെലവ് വഹിക്കും. ഒപ്പം 408.9 കോടി രൂപ ചെലവ് സഹായധനമായി (പി.പി.പി. ഘടകത്തിന്റെ 10%) നല്കും. നിർമ്മാണ കാലയളവിൽ സംസ്ഥാന സർക്കാരിന്റെ ചെലവ് 1871.9 കോടി രൂപയാണ് (1463+408.9).

പിന്നീട് സംസ്ഥാന സർക്കാർ നടത്തിപ്പു കാലയളവിൽ 408.3 കോടി രൂപ സഹായധനമായി നല്കും.

സംസ്ഥാന സർക്കാർ പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ബാഹ്യ അടിസ്ഥാന സൗകര്യത്തിനായി നിലവിൽ കണക്കാക്കിയതനുസരിച്ച് 1973 കോടി രൂപ ചെലവ് വഹിയ്ക്കും.

സ്വകാര്യ പങ്കാളി നിർമ്മാണ കാലയളവിൽ 2862.3 കോടി രൂപ അതായത് ഏതാണ്ട് 51% തുക പദ്ധതിയുടെ തുടക്കത്തിൽ മുടക്കേണ്ടി വരും. ഇതിൽ കൺസഷണയർ ബാങ്കുമായി ഉണ്ടാക്കുന്ന വായ്പാ കരാറിൽ (Financing Agreement) നിഷ്കർഷിക്കുന്ന വായ്പാ ഓഹരി അനുപാതത്തിന് (Debt Equity) അനുസൃതമായ തുക സ്വന്തം നിലയിൽ (Equity) മുതൽമുടക്കും ബാക്കി തുക വായ്പാ കരാറിന് അനുസൃതമായി ബാങ്ക് കൺസഷണയർക്ക് വായ്പയായി നൽകും (Debt).

| | | | |
|---|---|---|---|
| (ബി) | അടിസ്ഥാന സൗകര്യ വികസനം, ഭൂമി വില തുടങ്ങിയവ ഉൾപ്പെടെ പദ്ധതിക്ക് സർക്കാരും - കേന്ദ്ര സർക്കാരും ചേർന്ന് ചെലവഴിക്കുന്ന മൊത്തം തുക യുടെ ഇരുപത് വർഷത്തെ പലിശ എത്ര കോടി രൂപ ആയിരിക്കും; ഇത്തരമൊരു പരിശോധന നടത്തിയിട്ടുണ്ടോ; വിശദ മാക്കാമോ; | (ബി) & (സി) | ഇത്തരം ബൃഹത്തായ അടിസ്ഥാന സൗകര്യ വികസന പദ്ധതികളെ പലിശ കണക്കുകളിലൂടെയല്ല സർക്കാരുകൾ വില യിരുത്തുന്നത്. അതിനാൽ പലിശ എത്ര കോടി രൂപ ആയിരിയ്ക്കുമെന്ന് പരിശോ ധന നടത്തിയിട്ടില്ല. |
| (സി) | പദ്ധതിയിൽ നിന്നും 20 വർഷത്തിനു ശേഷം ലഭിക്കുന്ന ഒരു ശതമാനം വരു മാന വിഹിതം മേൽപറഞ്ഞ പലിശ നൽകുന്നതിന് മതിയാകുമോ; വിശദമാ ക്കാമോ? | | |

സെക്ഷൻ ഓഫീസർ